ഫത്‌വ

ശൈഖ് അത്വിയ്യ സഖ്ർ

# ഇഅ്തികാഫിന്റെ നിബന്ധനകൾ

**ചോദ്യം: ഇഅ്തികാഫിന്റെ നിബന്ധനകൾ എന്തൊക്കെയാണ്? റുക്‌നുകൾ ഏതൊക്കെയാണ്? ഇഅ്തികാഫിന് നിശ്ചിത കാലവും സമയവും ഉണ്ടോ?**

**ഉത്തരം:** നിബന്ധനകൾ: ഇഅ്തികാഫ് ഇരിക്കുന്നവർ മുസ്‌ലിമും വിശേഷബുദ്ധിയുള്ളവരും വലിയ അശുദ്ധികളിൽനിന്ന് (ജനാബത്ത്, ഹൈള്, നിഫാസ്) മുക്തരുമായിരിക്കണം.

റുക്‌നുകൾ: അല്ലാഹുവിലേക്ക് അടുക്കുക എന്ന ഉദ്ദേശ്യത്തോടെ പള്ളിയിൽ താമസിക്കുക. പള്ളിയിൽ താമസിക്കാതിരിക്കുകയോ നിയ്യത്ത് ഇല്ലാതിരിക്കുകയോ ചെയ്താൽ ഇഅ്തികാഫ് സാധുവാകുകയില്ല.

നിയ്യത്ത് വേണം എന്നതിനുള്ള തെളിവ്, 'തീർച്ചയായും കർമങ്ങൾ നിയ്യത്ത് അനുസരിച്ചാണ്' എന്ന ഹദീസാണ്.

പള്ളിയിലായിരിക്കണം എന്നതിന്റെ തെളിവ്, 'എന്നാൽ നിങ്ങൾ പള്ളികളിൽ ഇഅ്തികാഫിലായിരിക്കുമ്പോൾ നിങ്ങൾ അവരുമായി (ഭാര്യമാരുമായി) സഹവസിക്കരുത്' എന്ന ഖുർആൻ സൂക്തമാണ്.

സമയം: നേർച്ചയാക്കിയതു കാരണം നിർബന്ധമായി ത്തീർന്ന ഇഅ്തികാഫ്, നേർച്ചയാക്കിയതു പോലെ നിശ്ചിത സമയത്ത് നിർവഹിക്കണം. ഒരു ദിവസം, രണ്ട് ദിവസം എന്നിങ്ങനെ.

എന്നാൽ സുന്നത്തായ ഇഅ്തികാഫിന് നിശ്ചിത സമയമില്ല. അത് നിയ്യത്തോടു കൂടി പള്ളിയിൽ കഴിച്ചുകൂട്ടിയാൽ സാധുവാകും. സമയം കൂടിയാലും കുറഞ്ഞാലും വിരോധമില്ല.

ഒരാൾ പള്ളിയിലായിരിക്കുമ്പോഴെല്ലാം അവന് പുണ്യം ലഭിച്ചുകൊണ്ടിരിക്കും. അവൻ പള്ളിയിൽനിന്ന് പുറത്തിറങ്ങി വീണ്ടും പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇഅ്തികാഫിന്റെ നിയ്യത്ത് പുതുക്കണം.

സുന്നത്തായ ഇഅ്തികാഫ് ഇരിക്കുന്നവന് അയാൾ ഉദ്ദേശിച്ച സമയത്തിന് മുമ്പ് എപ്പോൾ വേണമെങ്കിലും ഇഅ്തികാഫ് അവസാനിപ്പിക്കാം. നബി(സ) റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു.

## ഇഅ്തികാഫിനിടയിൽ ജോലിക്ക് പോകാമോ?

ശൈഖ് മുഹമ്മദ് സ്വാലിഹ് അൽ മുൻജിദ് &
ശൈഖ് അത്വിയ്യ സ്വഖ്ർ

**ചോദ്യം: ഞാൻ ഇഅ്തികാഫ് ഇരിക്കാൻ ഉദ്ദേശിക്കാറുണ്ട്. പക്ഷേ എനിക്കതിന് സാധിക്കുന്നില്ല. കാരണം എനിക്ക് പകൽ ജോലിക്ക് പോകണം. ജോലിക്ക് പോയില്ലെങ്കിൽ പിരിച്ചുവിടും. അപ്പോൾ എനിക്ക് പകൽ ജോലിയും രാത്രി ഇഅ്തികാഫും ആകാമോ? ജോലിക്കു പുറത്ത് പോകുന്നത് അത്യാവശ്യകാര്യത്തിൽ പെടുകയില്ലേ?**

**ഉത്തരം:** അത്യാവശ്യത്തിനല്ലാതെ പള്ളിയിൽനിന്ന് പുറത്ത് പോവുക, സ്ത്രീ പുരുഷ ബന്ധം, ആർത്തവം, പ്രസവം, ഇദ്ദ എന്നീ കാര്യങ്ങളാൽ ഇഅ്തികാഫ് ദുർബലപ്പെടുമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. അനുവദനീയ ആവശ്യത്തിനു വേണ്ടി പുറത്തു പോകുന്നതു അത്യാവശ്യത്തിന്റെ ഇനത്തിൽ പെടുത്തുകയും ചെയ്തിരിക്കുന്നു. ഉദാ: ഭക്ഷണം എത്തിക്കാൻ ആളില്ലെങ്കിൽ ഭക്ഷണത്തിന് വേണ്ടി പുറത്ത് പോകാം. ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ മയ്യിത്ത് സംസ്കരണം, രോഗസന്ദർശനം എന്നിവക്കൊക്കെ പോകാം. പക്ഷേ അതൊക്കെ ഉപേക്ഷിക്കുന്നതാണ് ഉത്തമം.

എന്നാൽ ജോലിക്കു വേണ്ടി പുറത്ത് പോകുന്നത് അത്യാവശ്യത്തിൽ പെടുമെന്ന് ഒരു പണ്ഡിതനും അഭിപ്രായപ്പെട്ടിട്ടില്ല. കാരണം ഇത്തികാഫ് കൊണ്ടുള്ള ഉദ്ദേശ്യം വിശ്വാസി അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടി ഒഴിഞ്ഞിരിക്കുക എന്നതാണ്. എന്നാൽ ഒരാൾക്ക് ഇഅ്തികാഫിന് ഒഴിഞ്ഞിരിക്കാൻ കഴിയുന്നില്ലെങ്കിൽ അയാൾ പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇഅ്തികാഫിന്റെ നിയ്യത്ത് ചെയ്യട്ടെ. ശാഫിഈകളുടെ അഭിപ്രായത്തിൽ ഇഅ്തികാഫിന്റെ സമയം ഒരു നിമി

ഷമായാലും മതി.

## ഇഅ്തികാഫിൽ മൊബൈൽ ഉപയോഗിക്കാമോ?

**ശൈഖ് അത്വിയ്യ സഖ്ർ**

**ചോദ്യം: ഇഅ്തികാഫ് ഖദാ വീട്ടേണ്ടതുണ്ടോ? ഇഅ്തികാഫിൽ ഇരിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കാമോ?**

**ഉത്തരം:** ഇഅ്തികാഫ് ഒരു ആരാധനയാണ്. അത് നഷ്ടപ്പെട്ടാൽ ഖദാ വീട്ടാവുന്നതാണ്. അത് നേർച്ചയാക്കിയതാണെങ്കിൽ ഖദാ വീട്ടൽ നിർബന്ധവുമാണ്. അല്ലെങ്കിൽ ഖദാ വീട്ടിൽ സുന്നത്താണ്. ഒരാൾക്ക് അത് ഖദാ വീട്ടൽ നിർബന്ധമായി, മരിക്കുന്നിന് മുമ്പ് ഖദാ വീട്ടിയതുമില്ല, എങ്കിൽ- ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായത്തിൽ- അയാൾക്ക് വേണ്ടി ഖദാ വീട്ടേണ്ടതില്ല. എന്നാൽ അത് നിർബന്ധമാണെന്ന് അഹ്മദ് ബിൻ ഹമ്പൽ പറഞ്ഞിരിക്കുന്നു.

ഇഅ്തികാഫിലായിരിക്കുമ്പോൾ ഫോൺ ഉപയോഗിക്കുന്നതിന് വിരോധമില്ല, ജനങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിനും മറ്റു നല്ല കാര്യങ്ങൾക്കും വേണ്ടിയാണ് അത് ഉപയോഗിക്കുന്നതെങ്കിൽ. എന്നല്ല, ജനങ്ങളുടെ ഒരാവശ്യം നിർവഹിച്ചുകൊടുക്കാൻ വേണ്ടി പള്ളിയിൽനിന്ന് പുറത്തിറങ്ങുന്നതാണ് സുന്നത്ത്. ഒരു ഉദാഹരണം. ഒരാൾ ഒരാവശ്യവുമായി ഇബ്നു അബ്ബാസിനെ സമീപിച്ചു. അദ്ദേഹം പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുകയായിരുന്നു. അപ്പോൾ അത് നിർവഹിച്ചുകൊടുക്കാനായി അദ്ദേഹം പുറത്തിറങ്ങി. അന്നേരം ഇഅ്തികാഫിൽ ഇരിക്കുന്ന ഒരാൾ അദ്ദേഹത്തെ വിലക്കാൻ ശ്രമിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "ഒരാൾ ഒരു മനുഷ്യന്റെ ഒരാവശ്യം നിവർത്തിച്ചുകൊടുക്കുന്നത് അയാൾ പത്ത് വർഷം ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ പുണ്യകരമാണ്."

ഈ ഹദീസ് ദുർബലമാണെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നതിന് വിരോധമില്ല. കാരണം അത് ശ്രേഷ്ഠകരമായ ഒരു പ്രവൃത്തിയാണല്ലോ.

## തറാവീഹിന്റെ റക്അത്തുകൾ

**ചോദ്യം: ഞങ്ങളുടെ നാട്ടിൽ ചിലർ തറാവീഹ് എട്ട് റക്അത്ത് നമസ്കരിക്കുന്നു. ചിലർ ഇരുപത് റക്അത്ത് നമസ്കരിക്കുന്നു. അതിൽ ഏറ്റവും ശരിയായതും പുണ്യകരവുമായ രീതി ഏതാണ്? നബി(സ) തറാവീഹ് നമസ്കരിച്ചിട്ടില്ല എന്ന് പറയുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ നബിയുടെ മരണശേഷം അതെങ്ങനെയാണ് സുന്നത്തായിത്തീർന്നത്?**

**ഉത്തരം:** തറാവീഹ് അഥവാ രാത്രി നമസ്കാരം സുന്നത്താണ്. അത് നബിയുടെ വാക്കുകൊണ്ട് സ്ഥിരപ്പെട്ടതുമാണ്. നബി(സ) പറഞ്ഞു: "ഒരാൾ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി റമദാനിലെ രാത്രി നിന്ന് നമസ്കരിച്ചാൽ അവന്റെ മുൻ കഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും" (ബുഖാരി, മുസ്‌ലിം). അതായത് അവന്റെ നമസ്കാരത്തിന്റെ പ്രചോദനം അല്ലാഹുവിലുള്ള വിശ്വാസവും അവന്റെ പ്രതിഫലം ലഭിക്കുമെന്ന പ്രതീക്ഷയുമായിരിക്കണം.

നബി(സ) റമദാനിലെ ചില രാവുകളിൽ തറാവീഹ് നമസ്കരിച്ചിരുന്നു എന്നത് സ്ഥിരീകരിക്കപ്പെട്ട കാര്യമാണ്. അങ്ങനെ നബിയുടെ പിന്നിൽ നമസ്കരിക്കാൻ വേണ്ടി ആളുകൾ അധികരിച്ചു വന്നപ്പോൾ അദ്ദേഹം അവരുടെ ഇടയിലേക്ക് ഇറങ്ങിവന്നില്ല. കാരണമന്വേഷിച്ചപ്പോൾ നബി(സ) പറഞ്ഞു: "അത് നിങ്ങളുടെ മേൽ നിർബന്ധമാക്കപ്പെടും എന്ന് ഞാൻ ഭയപ്പെട്ടു. അപ്പോൾ നിങ്ങൾക്കത് ചെയ്യാൻ കഴിയുകയില്ല." അങ്ങനെ നബി(സ) അതിന്റെ സാധുത പറഞ്ഞുകൊടുത്തു. നബി അവരുടെ കൂടെ നമസ്കരിക്കാൻ വരാത്തതിന്റെ കാരണവും വിവരിച്ചു. അത് നിർബന്ധമാക്കപ്പെടുമോ എന്ന ഭയമായിരുന്നു കാരണം. നബി മരണമടഞ്ഞപ്പോൾ ആ വിലക്ക് നീങ്ങി. അപ്പോൾ ജനങ്ങൾ ഒറ്റക്കൊറ്റക്കായി നമസ്കരിച്ചുകൊണ്ടിരുന്നു. പിന്നീട് ഖലീഫ ഉമറി(റ)ന്റെ ഭരണകാലത്ത് അവരോട് ഒരു ഇമാമിന്റെ കീഴിൽ അണിനിരന്ന് നമസ്കരിക്കാൻ അദ്ദേഹം നിർദേശിച്ചു.

തറാവീഹിന്റെ റക്അത്തുകൾ എത്രയാണെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഹനഫി, ശാഫിഈ, അഹ്മദ്, ദാവൂദുദ്ദാഹിരി എന്നിവർ അത് ഇരുപത് റക്അത്താണെന്ന അഭിപ്രായക്കാരാണ്. മാലിക്കികളുടെ അഭിപ്രായത്തിൽ അത് മുപ്പത്താറ് റക്അത്താണ്. മറ്റു ചിലരുടെ അഭിപ്രായത്തിൽ അത് എട്ട് റക്അത്ത് മാത്രമാണ്. എല്ലാവർക്കും അവരുടേതായ തെളിവുകളുമുണ്ട്. എന്നാൽ ശക്തമായ തെളിവുകളുള്ളതും ശരിയോട് കൂടുതൽ അടുത്തുനിൽക്കുന്നതും അത് -വിത്ർ കൂടാതെ - എട്ട് റക്അത്താണ് എന്ന അഭിപ്രായമാണ്. ആഇശ(റ) പറയുന്നു: "നബി(സ) റമദാനിലോ റമദാനല്ലാത്ത കാലത്തോ പതിനൊന്ന് റക്അത്തിൽ കൂടുതൽ നമസ്കരിക്കാറുണ്ടായിരുന്നില്ല" (ബുഖാരി). എന്നാൽ ഇരുപതോ മുപ്പത്തിയാറോ റക്അത്തുകൾ നമസ്കരിക്കുന്നവരെ നമുക്ക് തള്ളിപ്പറയാൻ പറ്റില്ല. കാരണം അവർക്കും പരിഗണനീയമായ തെളിവുകളുണ്ട്.

## പടുവൃദ്ധർക്ക് നോമ്പ് ഉപേക്ഷിക്കാമോ?

**ചോദ്യം: പടുവൃദ്ധർക്ക് റമദാനിലെ നോമ്പ് ഉപേക്ഷിക്കാമോ? അങ്ങനെ ചെയ്താൽ അതിന്റെ പ്രായശ്ചിത്തം എന്താണ്?**

**ഉ:** നോമ്പ് പിടിക്കാൻ പ്രയാസപ്പെടുന്ന പടുവൃദ്ധർക്ക് റമദാനിലെ നോമ്പ് ഉപേക്ഷിക്കാം. രോഗം സുഖമാകുമെന്ന് പ്രതീക്ഷയില്ലാത്ത രോഗിക്കും അപ്രകാരം ചെയ്യാം. ഭിഷഗ്വരന്മാർ സ്ഥിരമായി ചികിത്സ വേണമെന്ന് നിർദേശിച്ച കാലപ്പഴക്കം ചെന്ന രോഗമാണെങ്കിൽ അയാൾക്ക് നോമ്പ് ഉപേക്ഷിക്കാം. അത്തരക്കാർ നോമ്പ് ഉപേക്ഷിച്ചാൽ പ്രായശ്ചിത്തമായി ഓരോ ദിവസത്തിനും പകരമായി ഒരു ദരിദ്രന് ഭക്ഷണം നൽകണം. ഇത് അല്ലാഹു നൽകിയ ഇളവാണ്.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്; നിങ്ങൾക്ക് ഞെരുക്കമുണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല" (*അൽബഖറ* 185). "മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല" (*അൽഹജ്ജ്* 78).

ഇബ്നു അബ്ബാസ്(റ) പറയുന്നു: "പടുവൃദ്ധന് നോമ്പ് ഉപേക്ഷിക്കാൻ ഇളവ് നൽകിയിരിക്കുന്നു. ഓരോ ദിവസത്തെ നോമ്പിനും പകരമായി ഒരു സാധുവിന് അയാൾ ഭക്ഷണം നൽകണം. അയാൾ നോമ്പ് ഖദാ വീട്ടേണ്ടതില്ല" (ഹാകിം).

അദ്ദേഹത്തിൽനിന്നു തന്നെ ബുഖാരി ഉദ്ധരിച്ച ഹദീസിൽ പറയുന്നു: പടുവൃദ്ധനെയും അതുപോലുള്ളവരെയും ഉദ്ദേശിച്ചാണ് താഴെ പറയുന്ന ഖുർആൻ സൂക്തം അവതരിച്ചത്: "(ഞെരുങ്ങിക്കൊണ്ടു മാത്രം) നോമ്പെടുക്കാൻ സാധിക്കുന്നവർ (പകരം) ഒരു പാവപ്പെട്ടവന് ഭക്ഷണം പ്രായശ്ചിത്തമായി നൽകണം. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അതവന് ഗുണകരമാകുന്നു" (*അൽബഖറ* 184). അതായത് ഒരു സാധുവിന്റെ ഭക്ഷണത്തേക്കാൾ കൂടുതൽ നൽകിയാൽ അത് ഏറെ ശ്രേഷ്ഠകരവും അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ പ്രതിഫലം ലഭിക്കുന്നതുമാണ് എന്നർഥം.

അതുകൊണ്ട് പടുവൃദ്ധനും രോഗം ശമിക്കുകയില്ല എന്ന അവസ്ഥയിലുള്ള രോഗിക്കും നോമ്പ് ഉപേക്ഷിക്കാം. അവർ ഓരോ ദിവസത്തിനും പ്രായശ്ചിത്തമായി ഒരു സാധുവിന് ഭക്ഷണം നൽകുകയും വേണം.

## വിമാനയാത്രക്കാരന്റെ നോമ്പ്

**ചോ: വിമാനയാത്രക്കാരൻ ഏതു സമയം കണക്കാക്കിയാണ് നോമ്പ് മുറിക്കുക?**

**ഉ:** ഒരാൾ വിമാനത്തിലാണ് യാത്ര ചെയ്യുന്നതെങ്കിൽ, അയാൾ യാത്ര ചെയ്യുന്ന ദിശയുടെ ഭൂപ്രദേശങ്ങളിൽ സൂര്യൻ അസ്തമിച്ചിട്ടുണ്ടാവും, എന്നാൽ അയാൾ സൂര്യനെ കണ്ടുകൊണ്ടിരിക്കുന്നുമുണ്ടാവും. അപ്പോൾ ഭൂമിയിൽ സൂര്യൻ അസ്തമിച്ചതിന്റെ പേരിൽ അയാൾക്ക് നോമ്പ് മുറിക്കാമോ? അതോ- പകൽ നീണ്ടുപോയാലും- സൂര്യൻ കണ്ണിൽനിന്ന് മറയുന്നതുവരെ അയാൾ നോമ്പ് പിടിച്ചുകൊണ്ടിരിക്കേണ്ടതുണ്ടോ? അല്ലാഹു പറയുന്നു: "രാത്രിയാകുന്നതുവരെ നിങ്ങൾ വ്രതം പൂർണമായി അനുഷ്ഠിക്കുക" (*അൽബഖറ* 187).

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസിൽ ഇപ്രകാരം കാണാം: "നബി(സ) തന്റെ അനുചരന്മാരുടെ കൂടെ റമദാനിൽ ഒരു യാത്രയിലായിരുന്നു. അങ്ങനെ സൂര്യൻ അസ്തമിച്ചപ്പോൾ നബി(സ) ബിലാലി(റ)നോട് ഭക്ഷണം തയാറാക്കാൻ പറഞ്ഞു. ഭക്ഷണം തയാറാക്കിക്കഴിഞ്ഞപ്പോൾ അവിടുന്ന് വെള്ളം കുടിച്ചു. എന്നിട്ട് നബി(സ) കൈകൊണ്ട് ആംഗ്യംകാണിച്ച് ഇങ്ങനെ പറഞ്ഞു: സൂര്യൻ ഇവിടെനിന്ന് അസ്തമിക്കുകയും അവിടന്ന് രാത്രി പ്രവേശിക്കുകയും ചെയ്താൽ നോമ്പുകാരൻ നോമ്പ് മുറിക്കട്ടെ."

ഇതിൽനിന്ന് മനസ്സിലാവുന്നത്, നോമ്പുകാരന് രാത്രി ആയാൽ മാത്രമേ നോമ്പ് മുറിക്കാൻ പാടുള്ളൂ എന്നാണ്. സൂര്യൻ അസ്തമിച്ചാലാണ് രാത്രി വരിക. യാത്രക്കാരൻ വിമാനത്തിലാണെങ്കിൽ സൂര്യൻ അസ്തമിച്ചത് കണ്ടാൽ അയാൾ നോമ്പ് മുറിക്കാൻ പാടില്ല. ചിലപ്പോൾ അയാൾ കിഴക്കോട്ടായിരിക്കും യാത്ര, അപ്പോൾ പകൽ കുറവായിരിക്കും. ചിലപ്പോൾ പടിഞ്ഞാറോട്ടായിരിക്കും യാത്ര, അപ്പോൾ പകൽ കൂടുതലായിരിക്കും. അതുകൊണ്ട് യാത്ര ഏതു ഭാഗത്തേക്കാണെങ്കിലും രാത്രിയായി എന്ന് ഉറപ്പുവരുത്തുകയാണ് വേണ്ടത്. അയാൾ യാത്ര ചെയ്യുന്ന ഭൂപ്രദേശത്ത് സൂര്യൻ അസ്തമിച്ചത് നോക്കിയോ, അയാൾ പുറപ്പെട്ട നാട്ടിലെ സമയം നോക്കിയോ അല്ല നോമ്പ് മുറിക്കേണ്ടത്. എന്നാൽ പകൽ നീണ്ടുപോയതിനാൽ പ്രയാസം അനുഭവപ്പെടുന്നുവെങ്കിൽ അയാൾക്ക് പ്രയാസത്തിന്റെ പേരിൽ നോമ്പ് മുറിക്കാം. ■

(*ഇസ്‌ലാം ഓൺലൈൻ നെറ്റ്*)

**വിവ: സി.കെ**